നം.SJD/381/2021-PO(C)

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 07/03/2022
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

**ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്ന 'കരുതൽ' പദ്ധതി – അപേക്ഷകൾ ക്ഷണിക്കുന്നു.**

ട്രാൻസ്ജെൻഡർ വ്യക്തികളിൽ ഭൂരിഭാഗം പേരും സ്വന്തം കുടുംബങ്ങളിൽ നിന്ന് സ്വത്വം വെളിപ്പെടുത്തിയതിനാൽ പുറത്താക്കപ്പെട്ട് ഒറ്റപ്പെട്ട് കഴിയുന്നവരും നിരാശ്രയരുമായ സാഹചര്യത്തിൽ ജീവിതം നയിക്കുന്നവരുമാണ്. ഇത്തരം വ്യക്തികൾ ദൈനം ദിനജീവിതത്തിൽ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ലിംഗമാറ്റശസ്ത്രക്രിയയിലെ പിഴവുകളെ തുടർന്നുണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനായി 'കരുതൽ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളിൽ നിന്ന് പ്രസ്തുത പദ്ധതിയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ 15/0 3/2022 നു മുൻപായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾക്ക് ജില്ല കളക്ടർ ചെയർമാൻ ആയ ഉപദേശക സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായി മാത്രം മുൻഗണനാ ക്രമത്തിൽ ധന സഹായം അനുവദിക്കുന്നതാണ്. പദ്ധതി സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ www.sjd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും 0471 230 1100 എന്ന ഫോൺ നമ്പരിൽ നിന്നും ലഭ്യമാണ്.

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033